## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 14/06/2013 - ലെ മറുപടിയ്ക്ക്

ചോദ്യം നമ്പർ ***147**

### സമഗ്ര വിള ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.അച്ചുതൻ<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.ജോസഫ് വാഴക്കൻ<br>ശ്രീ.വി.പി.സജീന്ദ്രൻ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാനത്ത് സമഗ്രവിള ഇൻഷ്വറൻസ് നടപ്പിലാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | **(എ)** 17/02/2012 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.55/2012/എ.ഡി. പ്രകാരം സംസ്ഥാനത്ത് സമഗ്ര കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. |
| **(ബി)** ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | **(ബി)** കൃഷി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന വിള ഇൻഷ്വറൻസ് പദ്ധതി, ദേശീയ വിള ഇൻഷ്വറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, നാളികേര വിള ഇൻഷ്വറൻസ് പദ്ധതി, എന്നീ പദ്ധതികളെ അപകട ഇൻഷ്വറൻസും പെൻഷൻ ആനുകൂല്യങ്ങളും സമന്വയിപ്പിച്ചുകൊണ്ട് കേരളത്തിലെ എല്ലാ വിളകൾക്കുമായി ഒരു സമഗ്ര വിള ഇൻഷ്വറൻസ് പദ്ധതി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |
| **(സി)** ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്;<br>**(ഡി)** പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | **(സി) യും (ഡി) യും** സമഗ്ര കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച കൺസൾട്ടൻസി ലിസ്റ്റിലുള്ളവരിൽ നിന്നും ഒരു കൺസൾട്ടന്റിനെ തിരഞ്ഞെടുക്കുന്നതിലേക്കായി എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിക്കുകയും 4 കമ്പനികൾ സന്നദ്ധത അറിയിക്കുകയും ചെയ്തു 01/03/2013 ലെ സ.ഉ.(എംഎസ്) നം.40/2013/കൃഷി പ്രകാരം അബാക്കസ് ലീഗൽ ഗ്രൂപ്പ് ആന്റ് എൽ.എം.ബി. കൺസൾട്ടൻസി സർവ്വീസ് എന്ന ഏജൻസിയെ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനായി നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ